**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 39 12.06.2012 ൽ മറുപടിയ്ക്ക്

## സ്കൂൾ വിദ്യാർത്ഥികളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ

| ചോദ്യം<br>ശ്രീ. സാജു പോൾ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സ്കൂൾ വിദ്യാർത്ഥികളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങളിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | സ്കൂൾ വിദ്യാർത്ഥികളെ കയറ്റികൊണ്ട് പോകുന്ന വാഹനങ്ങളിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്കൂൾ കുട്ടികളെ വഹിച്ചുകൊണ്ട് പോകുന്ന മുച്ചക്ര വാഹനങ്ങൾ ഒഴികെയുള്ള എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കികൊണ്ട് 30.01.2012 ലെ സ.ഉ.(പി) നം.03/2012/ട്രാൻ പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടാതെ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിന് വിവിധ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചു കൊണ്ട് 10.05.2012 ലെ സ.ഉ. (പി) നം.25/2012/ട്രാൻ വഴി 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങൾ ഭേദഗതി ചെയ്ത് ചട്ടം 153 (ഡി) ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>മേൽ പറഞ്ഞത് കൂടാതെ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾക്ക് എമർജൻസി എക്സിറ്റ് നിർബന്ധമാക്കി കൊണ്ട് 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) ഇത്തരം വാഹനങ്ങൾ ഓടിക്കുന്നവർക്കുള്ള പരിചയം പത്തുവർഷമായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 10.05.2012 ലെ സ.ഉ.(പി) നം 25/2012/ട്രാൻ അനുസരിച്ച് സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നവർക്ക് ഡ്രൈവിംഗിൽ കുറഞ്ഞത് 10 വർഷം പരിചയം ഉണ്ടായിരിക്കണമെന്നും, ഹെവി വാഹനങ്ങൾ ഓടിച്ച് 5 വർഷത്തെ പരിചയം ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്കൂൾ വാഹനങ്ങൾക്ക് പെർമിറ്റ് | (സി & ഡി) | അടിയ്ക്കടിയുണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടുകൂടി സ്കൂൾ വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തി ചട്ടം 153 (ഡി) |

| | | |
|---|---|---|
| നൽകുന്നതിൽ കർശന നിലപാടുകൾ സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ; | | ഉൾപ്പെടുത്തി സ.ഉ.(പി) 25/12/ഗതാ നം. ഉത്തരവ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്കൂൾ ബസുകൾക്കുള്ള പെർമിറ്റ് നിബന്ധനയാക്കിയിട്ടുണ്ട്.<br>(എ) സ്കൂൾ കുട്ടികളെ കൊണ്ട് പോകുന്നതിനുള്ള വാഹനം വാടകയ്ക്കെടുത്ത വാഹനമാണെങ്കിൽ "on school duty" എന്ന ബോർഡ് വെളുത്ത പശ്ചാത്തലത്തിൽ നീല നിറത്തിലുള്ള അക്ഷരങ്ങളിൽ എഴുതി വ്യക്തമായി കാണത്തക്കവിധം വാഹനത്തിന്റെ മുൻ-പിൻ ഭാഗങ്ങളിൽ മുകളിലായി പ്രദർശിപ്പിച്ചിരിക്കണം.<br>(ബി) 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 151-ൽ നിഷ്കർഷിക്കുന്ന രീതിയിലുള്ള ഫസ്റ്റ് എയ്ഡ് ബോക്സ് വാഹനത്തിൽ സജ്ജീകരിച്ചിരിക്കണം.<br>(സി) സ്കൂൾ കുട്ടികളെകൊണ്ട് പോകുന്ന വാഹനങ്ങളിൽ തിരശ്ചീനമായി ഗ്രില്ലുകൾ ഘടിപ്പിച്ചിരിക്കണം.<br>(ഡി) വാഹനത്തിൽ ഫയർ എക്സ്റ്റിൻഗ്വിഷർ സജ്ജീകരിച്ചിരിക്കണം.<br>(ഇ) വാഹനത്തിലെ പ്രധാനപ്പെട്ട ഭാഗത്ത് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരും, ടെലിഫോൺ നമ്പരും എഴുതി പ്രദർശിപ്പിച്ചിരിക്കണം.<br>(എഫ്) വാഹനത്തിന്റെ ഡോറുകൾ ഉറപ്പുള്ള താഴുകളാൽ സജ്ജീകരിച്ചിരിക്കണം.<br>(ജി) സ്കൂൾ ബാഗുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി സീറ്റുകൾക്ക് താഴെയായി ആവശ്യത്തിന് സ്ഥലം ഉണ്ടായിരിക്കണം.<br>(എച്ച്) കുട്ടികളെ സഹായിക്കുന്നതിനായി വാഹനത്തിൽ യോഗ്യതയുള്ള ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം.<br>(ഐ) വാഹനത്തിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ഏതെങ്കിലും ഒരു രക്ഷാകർത്താവ് / മാതാപിതാക്കൾ അല്ലെങ്കിൽ അദ്ധ്യാപകൻ എന്നിവരിലാരെങ്കിലും സ്കൂൾ വാഹനത്തിൽ സഞ്ചരിക്കണം.<br>(ജെ) വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് 10 വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയവും, ഹെവി വാഹനങ്ങൾ ഓടിച്ചുള്ള 5 വർഷത്തിൽ കുറയാത്ത പരിചയവും ഉണ്ടായിരിക്കണം.<br>(കെ) റെഡ് ലൈറ്റ് ജംപിംഗ്, ലെയ്ൻ ഡിസിപ്ലിൻ വയലേഷൻ, അനധികൃതമായി മറ്റ് വ്യക്തികളെ വാഹനം ഓടിക്കുവാൻ അനുവദിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് ഒരു വർഷത്തിൽ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ |
| (ഡി) ആയതിനായി കേരള മോട്ടോർ വാഹന നിയമത്തിലും ചട്ടങ്ങളിലും എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | | |

ശിക്ഷിക്കപ്പെട്ട വ്യക്തിയെ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല.

(എൽ) വാഹനത്തിൽ സഞ്ചരിക്കുന്ന വ്യക്തികളുടെ വിശദവിവരങ്ങൾ വാഹനത്തിൽ സൂക്ഷിച്ചിരിക്കണം. സഞ്ചരിക്കുന്ന വ്യക്തികളുടെ പേര്, രക്ഷാകർത്താവിന്റെ പേര്, മേൽ വിലാസം, ടെലിഫോൺ നമ്പർ/ മൊബൈൽ നമ്പർ (ബന്ധപ്പെടുന്നതിനായി) തുടങ്ങിയ വിവരങ്ങൾ ശരിയായ രീതിയിൽ ലാമിനേറ്റ് ചെയ്ത് വാഹനത്തിൽ സൂക്ഷിച്ചിരിക്കണം.

(എം) വാഹനത്തിലെ ജോലിക്കാരുടെ സ്വഭാവം വിലയിരുത്തുന്നതിനും ജോലിക്കാർ നൽകുന്ന സേവനം തൃപ്തികരമാണോ എന്ന് വിലയിരുത്തുന്നതിനുമായി സ്കൂൾ അധികൃതർ / പാരന്റ് ടീച്ചർ അസോസിയേഷന്റെ ചുമതല വഹിക്കുന്ന വ്യക്തി എന്നിവരിലാരെങ്കിലും വാഹനം മിന്നൽ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

മേൽ പറഞ്ഞതു കൂടാതെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി 09-02-2010 ലെ തീരുമാനത്തിലൂടെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എ) സ്കൂൾ കുട്ടികളെ വഹിച്ചു കൊണ്ടു പോകുന്ന വാഹനത്തിലെ യാത്രക്കാരുടെ എണ്ണം 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 221-ൽ നിഷ്ക്കർഷിച്ചിട്ടുള്ളതിനെക്കാളും കൂടുതലാകാൻ പാടുള്ളതല്ല.

(ബി) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസിന്റെ ഓരോ കവാടത്തിനും ഡോറുകൾ ഉണ്ടായിരിക്കണം.

(സി) ബസിലെ അറ്റൻഡർ കുട്ടികളെ വാഹനത്തിൽ കയറുന്നതിനും, ഇറങ്ങുന്നതിനും, റോഡ് മുറിച്ചുകടക്കുന്നതിനും സഹായിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ